# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1787      04.05.2017 ലെ മറുപടിക്ക്

**ചോദ്യം**      **മറുപടി**

ശ്രീ.എസ്.ശർമ്മ      ഡോ.റ്റി.എം.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

### ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകം

| | |
|---|---|
| (എ) ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് നടപ്പ സാമ്പത്തിക് വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (ബി) ഈ തുക അനുവദിച്ചു കിട്ടുന്നതിന് പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി അപേക്ഷ നൽകിയിട്ടുണ്ടോ; സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത തുക അനുവദിച്ചു നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | ചെറായി പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സെക്രട്ടറിയുടെ നിവേദനം 29.03.17ലെ 1330097/2017 നമ്പർ തപാലായി സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം എ2/104/2017/സാം.കാ.വ. നമ്പർ ഫയലായി പരിശോധിച്ചു വരുന്നു. നിവേദനത്തിലെ ആവശ്യങ്ങളുടെ സൂക്ഷ്മ പരിശോധനകൾക്കായി പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണത്തിന് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിശദവിവരങ്ങൾ, കെട്ടിടം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും, കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ |

| | |
|---|---|
| | സ്ഥാപനത്തിന് അനുവദിച്ചിരുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സർക്കാരിൽ ഹാജരാക്കുവാൻ പണ്ഡിറ്റ് കറുപ്പൻ സ്മാരക സമിതി സെക്രട്ടറിയോട് 27.04.2017 ൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**